പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേപ്പടി നദികൾ പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നിവയിൽ ഖനന ആവശ്യത്തിന് മണൽ ലഭ്യമാണെന്ന വസ്തുത ആധാരമാക്കി പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം നിശ്ചിത അളവിൽ മണൽ ഖനനത്തിന് അനുമതി നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള നദികളിൽ ആവശ്യമായ മണൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മണൽ വാരൽ നിരോധിച്ചിട്ടുണ്ട്. ശേഷിക്കുന്ന 6 നദികളുടെ പഠനം ത്വരിതപ്പെടുത്തി താമസിക്കാതെ റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നദികളിൽനിന്നും ആവശ്യമുള്ള തോതിൽ മണൽ ലഭ്യമല്ലാത്ത സാഹചര്യം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അതീതമായ സമീപനം സ്വീകരിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിനായി മണൽ ഖനനം അനുവദിക്കാനാകില്ല. പരിസ്ഥിതി പ്രശ്നങ്ങൾ മുൻനിർത്തി നദികളിലെ മണൽ ഖനനത്തിന് നിലവിൽ കർശന നിയന്ത്രണങ്ങൾ പാലിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ശാസ്ത്രീയമായ മണൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ മണൽ വാരലിന് അനുമതി നൽകാവൂ എന്നാണ് മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 44 നദികളിൽ മണൽ ഓഡിറ്റിംഗിന് സജ്ജീകരണമേർപ്പെടുത്തിയിട്ടുള്ള 20 നദികൾക്കുപുറമെ ബാക്കിയുള്ള 24 നദികൾകൂടി ഓഡിറ്റിംഗ് പൂർത്തിയാക്കി മണൽ ലഭ്യത തിട്ടപ്പെടുത്തിയതിനുശേഷം അനുമതി നൽകുന്ന കാര്യവും അനന്തരനടപടിയും അനുവർത്തിക്കുന്നതാണ്.

14. വൈദ്യുതി ശ്മശാനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ നഗരസഭയിൽ ഒരു ശ്മശാനം സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം മുനിസിപ്പാലിറ്റിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിൽ ഒരു മരണമുണ്ടായിട്ട് അടക്കാൻ സ്ഥലമില്ലാതെ അടുക്കള കുഴിച്ച് ശവം സംസ്കരിക്കേണ്ട ഗതികേട് ഉണ്ടായി. അതിനുമുമ്പ് റോഡിന്റെ സൈഡിൽ അടക്കേണ്ട ഒരവസ്ഥയും ഉണ്ടായിട്ടുണ്ട്. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായിട്ടുള്ള ആളുകൾക്ക് ഇതൊരു വലിയ പ്രശ്നമായി മാറി കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി നഗരസഭയിൽ ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിൽ കൂടി അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് നിലവിൽ പൊതുശ്മശാനങ്ങളില്ല. ഹിന്ദുസമുദായത്തിൽപ്പെട്ടവർ സ്വന്തം സ്ഥലങ്ങളിലും മറ്റ് മതക്കാർ പള്ളികളിലും മൃതദേഹം മറവ് ചെയ്യുവരുന്നു. പൊതുശ്മശാനം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിൽ ആലോചിക്കുകയും ഇതിനായി വാർഷിക പദ്ധതിയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ ശ്മശാനം നിർമ്മിക്കുന്നതിന് സാധിച്ചിട്ടില്ല. എല്ലാ നഗരസഭകളിലും ശ്മശാന സൗകര്യങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി നഗരപ്രദേശങ്ങളിൽ നഗരകാര്യ വകുപ്പുമുഖേന വാതക ശ്മശാനങ്ങളുടെ സ്ഥാപനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഞ്ച് നഗരസഭകളിൽ gas crematorium-ന് ഫണ്ട് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി പത്തുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചെങ്ങന്നൂർ നഗരസഭ ശ്മശാനത്തിനായി സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ഉടൻതന്നെ അനുവദിക്കുന്നതാണ്.

15. കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, കർണ്ണാടക, ഗോവ സംസ്ഥാനങ്ങളോട് അടുത്തുനിൽക്കുന്ന കാസർഗോഡുവഴി സംസ്ഥാനത്തേയ്ക്ക് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത് തടയുന്നതിനായി ജില്ലയിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് വർഷങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേണാണുള്ളത്. എന്നാൽ നിത്യേന ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്നതും വാളയാർ കഴിഞ്ഞാൽ സംസ്ഥാനത്തിന് ഏറ്റവുമധികം നികുതി വരുമാനം നൽകുന്നതുമായ മഞ്ചേശ്വരം ചെക്ക് പോസ്റ്റുൾപ്പടെയുള്ള ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലയിൽ പുതുതായി ആരംഭിച്ച താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും ആരംഭിക്കുകയും ആവശ്യമായ കൂടുതൽ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ കള്ളക്കടത്തുകൾ തടയുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും. ഏറെ പ്രാധാന്യം നിറഞ്ഞതും അതീവ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടതുമായ എക്സൈസ് വകുപ്പ് നന്നായി പ്രവർത്തിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly